M 8831

Reg. No.: ..............................

Name : ..............................

**II Semester B.Sc. LRP/B.C.A./B.S.W. Degree Examination, May 2015**
**(CCSS – 2014 Admn. – Regular)**
**COMMON COURSE IN MALAYALAM**
**2 A 08 2 MAL : സാഹിത്യവിഭാഗങ്ങൾ** Sahitha vibhagangal

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) മനുഷ്യനും മൃഗങ്ങളും തമ്മിലുണ്ടായിരുന്ന ആത്മബന്ധം ആവിഷ്കരിക്കുന്ന കഥയാണ് 'മാണിക്കൻ' – വിശദീകരിക്കുക.

2) പി. എം. താജ് 'രാവുണ്ണി'യിലെ ആക്ഷേപഹാസ്യത്തിലൂടെ തുറന്നു കാട്ടുന്ന സാമൂഹികാവസ്ഥ വിശദമാക്കുക.

3) ''ആയുസ്സിന്റെ പുസ്തകം'' എന്ന നോവൽ ഏറെ ശ്രദ്ധിക്കപ്പെട്ടത് ബൈബിളിന്റെ അഗാധസ്വാധീനമുള്ള അതിലെ ആഖ്യാനശൈലിയുടേയും ഭാഷയുടേയും പേരിലാണ് – പരിശോധിക്കുക.

4) 'പ്രാഞ്ചിയേട്ടൻ' എന്ന തിരക്കഥ അവതരിപ്പിക്കുന്ന സാമൂഹിക വിമർശനം ചർച്ച ചെയ്യുക. **(2×7=14)**

II. **നൂറമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) 'പഴയ ഒരു ജനപദം അയാൾ നോക്കി നിൽക്കെ മാഞ്ഞുപോയി' ഇവിടെ സാക്ഷിയാകുന്നതിന്റെ അനുഭവം വിശദീകരിക്കുക.

6) ''നിൽക്കട്ടെ. ഇപ്പോഴത് അങ്ങുന്നിന്റെയാ. നാളെയാ രജിസ്ട്രേഷൻ. കാലത്തുതന്നെ കുളിച്ച് ജപിച്ച് രജിസ്ട്രാഫീസിലേക്ക് പോന്നോളൂ.'' – സന്ദർഭമെഴുതി ആക്ഷേപഹാസ്യം വിശദീകരിക്കുക.

7) ''നീയൊണ്ണു പൊറത്തെറങ്ങി നോക്കെടാ ചൂലേ ! ഒരു തമ്പാൻ ചമഞ്ഞു നടക്കുണ പ്രമാണി'' – ആരുടെ വാക്കുകൾ ? വിശദമാക്കുക.

8) 'സന്തോഷത്തോടെ നോക്കുമ്പോൾ ഞെട്ടലോടെ കണ്ടു ; ഭാര്യയുടെ കഴുത്തിൽ സ്വർണ്ണമാല ഇല്ല' – വിശദീകരിക്കുക.

9) ''ആയുസ്സിന്റെ പുസ്തകം'' എന്ന നോവലിലെ 'യോഹന്നാൻ' എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

10) 'കൂടാരം' എന്ന കഥക്ക് പഠനക്കുറിപ്പെഴുതുക. **(4×3=12)**

P.T.O.

M 8831

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) മാണിക്കനും അഴകനും തമ്മിലുള്ള ഹൃദയബന്ധം എന്ത് ?

12) ''അയാൾക്ക് ഞാൻ ഒരു രൂപ കൊടുത്തു പറഞ്ഞയച്ചു. കിണറ്റിൽ മൂത്രം ഒഴിക്കും. ആ വെള്ളം നമ്മൾ കുടിക്കേണ്ടിവരും'' – വിശദീകരിക്കുക.

13) 'പ്രാഞ്ചിയേട്ടൻ' എന്ന കഥാപാത്രത്തെക്കുറിച്ച് കുറിപ്പെഴുതുക.

14) പൗലോയെ മകനായ തോമാ കൊല്ലാൻ ശ്രമിച്ചതെന്തിന് ?

15) 'ഈ വെളനിലം കാട്ടി പണയം വാങ്ങാൻ ആധാരം മതി. നമ്മടെ പേർക്കെഴുതിതന്ന ആധാരമെവിടെ രാവുണ്ണേ്യ്' – അവർക്കു പറ്റിയ ചതി എന്ത് ?

16) ''അച്ചണ്ട വെന്തിഞ്ഞ ഇന്നാ ! എൻ പയേ കണ്ടങ്ങോരനായിട്ടു തന്നെ ചീവിച്ചോളാം.'' സന്ദർഭമേത് ? വിശദമാക്കുക. **(4×2=8)**

IV. **ഒറ്റ**വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) ലളിതാംബികാ അന്തർജ്ജനത്തിന്റെ ഏക നോവലാണ് ____________

18) 'തക്ഷൻകുന്ന് സ്വരൂപം' എന്ന നോവൽ എഴുതിയതാര് ?

19) പ്രാഞ്ചിയേട്ടനിലെ 'പത്മശ്രീ' എന്ന കഥാപാത്രത്തെ സിനിമയിൽ അവതരിപ്പിച്ച നടിയാര് ?

20) 'ജയിലു കേറാൻ എനിക്കു പേടിയൊന്നുമില്ല. ഒരിക്കൽ കേറിയതുമാ...' ആരാണി പ്രകാരം പറയുന്നത് ?

21) ''മണ്ണെന്തിനാണെന്നോ ? നല്ല ചോദ്യം ? മണ്ണപ്പം ചുട്ടുകളിക്കാൻ ... എന്താടാ സന്തോഷം കൊണ്ട് നിനക്ക് സമനില തെറ്റിയോ ?''. ഏത് കൃതിയിലെ വാക്യം ?

22) ''പാതിമാർക്കാരത്തീട ചീവിതത്തിന് എൻ ചത്താലും വരികേല'' – ആര് ആരോടു പറയുന്നു ?

23) 'നിലാവുള്ള രാത്രികളിൽ ചാണകം മെഴുകി വൃത്തിയാക്കിയ മുറ്റത്ത് മണ്ണെണ്ണ വിളക്കിന്റെ മുമ്പിലിരുന്നുകൊണ്ട് അമ്മ ചോറ് വിളമ്പിത്തന്നിരുന്നത് അയാളോർത്തു'. – ഏത് കഥയിലെ വാക്യം ?

24) 'ഞാൻ ചുമ്മാ പറഞ്ഞതാ. റിസൾട്ടറിഞ്ഞു. പഞ്ചസാര തീരെ ഇല്ല !'– ഏത് എഴുത്തുകാരന്റെ കൃതിയിലുള്ള വാക്യം ? **(6×1=6)**

______________